## പതിമൂന്നാം കേരള നിയമസഭ - എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:160 18/03/2013 - ൽ മറുപടിക്ക്

## മത്സ്യസമൃദ്ധി പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.പി. സജീന്ദ്രൻ:<br>" വി.റ്റി. ബൽറാം :<br>" എ.റ്റി. ജോർജ് :<br>" ഷാഫി പറമ്പിൽ : | ശ്രീ.കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) സംസ്ഥാനത്ത് മത്സ്യസമൃദ്ധി പദ്ധതി ആരംഭിച്ചിട്ടുണ്ടോ ; വിശദീകരിക്കുമോ; | (എ) ഉണ്ട്. 2012 ജൂൺ 10-ാം തീയതി തുടക്കം കുറിച്ച മത്സ്യസമൃദ്ധി പദ്ധതിയുടെ ഒന്നാംഘട്ട പ്രവർത്തനം വളരെ വിജയകരമായി ലക്ഷ്യം കൈവരിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു: |

| നം | ഒന്നാംഘട്ടത്തിൽ ലക്ഷ്യമിട്ടിരുന്ന പ്രധാന പ്രവർത്തനങ്ങൾ | കൈവരിച്ച നേട്ടങ്ങൾ |
|---|---|---|
| 1 | ശുദ്ധ ജല മത്സ്യകൃഷി/ ആറ്റു കൊഞ്ച് കൃഷി 5000 ഹെക്ടർ ലക്ഷ്യമിട്ടിരുന്നു | 5460.395 ഹെക്ടറിൽ മത്സ്യ/ ആറ്റു കൊഞ്ച് കുഞ്ഞുങ്ങളെ നിക്ഷേപിച്ചു. |
| 2 | പാടശേഖര മത്സ്യ/ആറ്റു കൊഞ്ച് കൃഷി- 1540ഹെക്ടർ ലക്ഷ്യമിട്ടിരുന്നു | 1425 ഹെക്ടറിൽ മത്സ്യവിത്ത് നിക്ഷേപം നടത്തിയിട്ടുണ്ട് |
| 3 | ഓരു ജല ചെമ്മീൻ കൃഷി -2000 ഹെക്ടർ ലക്ഷ്യമിട്ടിരുന്നു | 31/01/2013-ന് ലക്ഷ്യം കൈവരിച്ചു. |
| 4 | ശുദ്ധ ജല മത്സ്യകൃഷി നടപ്പാക്കുന്നതിനുള്ള സാങ്കേതിക സർവ്വേ 5000 ഹെക്ടർ ലക്ഷ്യമിട്ടിരുന്നു | 5500 ഹെക്ടർ സാങ്കേതിക സർവ്വേ പൂർത്തികരിച്ചു. |
| 5 | പദ്ധതിയിലേക്കായി 660 അക്വാകൾച്ചർ കോ-ഓർഡിനേറ്റർമാരെ നിയമിക്കാൻ ലക്ഷ്യമിട്ടിരുന്നു. | ആകെ 771 അക്വാകൾച്ചർ കോ-ഓർഡിനേറ്റർമാരെ പഞ്ചായത്ത് തലത്തിൽ |

മത്സ്യസമൃദ്ധി പദ്ധതി പൂർണ്ണമായി നടപ്പാക്കുന്നതിലൂടെ 67750 ടൺ ശുദ്ധ ജല മത്സ്യം, 6875 ടൺ ശുദ്ധ ജല കൊഞ്ച്, 7500 ടൺ ചെമ്മീൻ,9000 ടൺ കല്ലുമ്മേക്കായ,900 ടൺ ഞണ്ട്,300 ടൺ കരിമീൻ എന്നിവ അധികമായി ഉത്പാദിപ്പിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ പൊതുജലാശയങ്ങളിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാനുള്ള പദ്ധതിയിലൂടെ വിവിധ ഇനങ്ങളിലായി 150 ടൺ അധിക ഉത്പാദനവും ലക്ഷ്യമിടുന്നു.പദ്ധതി പ്രകാരം 451.50 കോടി രൂപ അധിക വരുമാനം ഉണ്ടാകുമെന്നും 20 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെടുമെന്നും കണക്കാക്കുന്നു.

(സി) ഉൾനാടൻ മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ;

(സി) കുളങ്ങളിലേയും ടാങ്കുകളിലേയും ശുദ്ധ ജല മത്സ്യകൃഷി,പാടശേഖരങ്ങളിലേയും കോൾ പാടങ്ങളിലേയും മത്സ്യ/ ചെമ്മീൻ കൃഷി/സംയോജിത മത്സ്യകൃഷി പൊക്കാളി/കൈപ്പാട് നിലങ്ങളിലേയും സ്വകാര്യ കുളങ്ങളിലേയും ചെമ്മീൻ കൃഷി , കരിമീൻ വിത്തുപരിപാലന വിപണന യൂണിറ്റുകൾ, ഒരടുക്കളെ കുളങ്ങളിലെ കരിമീൻ കൃഷി കുളങ്ങളിലെ കരിമീൻ കൃഷി , കൂടുകളിലെ കരിമീൻ കൃഷി ഞണ്ട്/ കല്ലുമ്മേക്കായ കൃഷി, പൊതുജലാശയങ്ങളിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ, ജല കൃഷി സംബന്ധിച്ച സംയോജിത പരിപാലന പരിപാടികൾ എന്നിവയാണ്

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (ഡി) | ഈ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെവിടെയെല്ലാമാണ്; | (ഡി) | സംസ്ഥാനത്തെ 14 ജില്ലകളിലും പദ്ധതി നടപ്പിലാക്കി വരുന്നു. പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ 837 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതിയിൽ പങ്കാളികളായിട്ടുണ്ട് |
| (ഇ) | ഏതെല്ലാം ഏജൻസികളുമായി സഹകരിച്ചാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നതെന്ന് അറിയിക്കുമോ? | (ഇ) | മത്സ്യ കർഷക വികസന ഏജൻസികൾ, അഡാക്ക്, നിഫാം എന്നീ ഏജൻസികളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. |

സെക്ഷൻ ഓഫീസർ